**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **23-01-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെട്രോ റെയിൽ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. ആൻസലൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം തലസ്ഥാനജില്ല എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി തിരുവനന്തപുരത്ത് നടത്തിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് സർവ്വതലസ്പർശിയായും തലസ്ഥാന ത്തിന്റെ ഭാവി സാധ്യതകളെ കണക്കി ലെടുത്തും ഉള്ള വികസന പ്രവർത്തന ങ്ങളാണ് നടപ്പിലാക്കി വരുന്നത്.<br><br>• കേരള നിയമസഭയിലെ ബഹു. സാമാജികർക്ക് താമസിക്കുന്ന തിനായി സെല്ലാർ, സബ് സെല്ലാർ എന്നിവ ഉൾപ്പെട്ട 13 നിലകളുള്ള കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ 2 സ്യൂട്ട് ഫ്ലാറ്റുകളും, മുകളിലത്തെ 10 നിലകളിലായി 60 ഫ്ലാറ്റുകളും (ആകെ 62 ഫ്ലാറ്റുകൾ), കൂടാതെ മൾട്ടി ലെവൽ കാർ പാർക്കിംഗ് ഉള്ളതുമായ ആധുനിക സൗകര്യങ്ങളോടു കൂടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.ഈ പ്രവൃത്തി EPC mode ൽ ആണ് ചെയ്യുന്നത്. നിലവിൽ 7-ാമത്തെ നിലയുടെ റൂഫ് സ്ലാബ് കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്.<br>• ചെറുവയ്ക്കൽ വില്ലേജിൽ സൈനിക ക്ഷേമ വകുപ്പിന് കൈമാറിയ സ്ഥലത്ത് യുദ്ധ സ്മാരകം നിർമ്മിക്കുന്നതിന് 5 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയി ട്ടുണ്ട്.<br><br><u>തിരുവനന്തപുരം ഔട്ടർ റിങ്ങ് റോഡ്</u><br><br>എൻ എച്ച്-66 പാരിപ്പള്ളിക്ക് സമീപം നാവായിക്കുളത്തു നിന്നും ആരംഭിച്ച് വിഴിഞ്ഞം ബൈപാസിൽ അവസാനിക്കു ന്നതാണ് തിരുവനന്തപുരം ഔട്ടർ റിങ് റോഡ്. ഏകദേശം 78.88 കി.മി നീളമുള്ള ഈ റോഡ് |

ഇപ്പോൾ നാലുവരി പാതയും ആവശ്യം വന്നാൽ ഭാവിയിൽ 6 വരി പാതയായും വികസിപ്പിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിന് എൻ.എച്ച്.എ.ഐ-യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്.

വിഴിഞ്ഞം പദ്ധതി

2024 ഡിസംബർ 3-)ം തീയതി, പ്രൊവിഷണൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പദ്ധതി കൺസഷണയറായ AVPPL-ന് കൈമാറിയതോടെ വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തന ക്ഷമമായിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ അവശേഷിക്കുന്ന ഏതാനും പ്രവർത്തികൾ 2025 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് കൺസഷണയർ അറിയിച്ചിട്ടുണ്ട്.

2024 ജൂലൈ 11-ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതിനു ശേഷം, നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. 2025 ജനുവരി 10 വരെ 121 കപ്പൽ തുറമുഖത്തിലടുക്കുകയും 2.5 ലക്ഷം TEU വിലേറെ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി.

സംസ്ഥാന സർക്കാരും AVPPL ഉം തമ്മിൽ ഒരു സപ്ലിമെന്ററി കൺസഷൻ കരാർ 2024 നവംബർ 28-ന് ഒപ്പു വച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണം ആരംഭിക്കുവാനും 2028 ഡിസംബറോടു കൂടി പൂർത്തീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള പാരിസ്ഥിതികാനുമതിക്കുള്ള നടപടിക്രമങ്ങളും ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

കോവളം

കോവളം വിനോദ സഞ്ചാര മേഖലയുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന 91.38 കോടി രൂപയുടെ പദ്ധതിയാണ് "ഡെവലപ്പ്മെന്റ് ഓഫ് കോവളം ആൻഡ് അഡ്ജസെന്റ് ബീച്ചസ്". നിലവിൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോവളം വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് M/s ഇക്കോ പ്രിസർവ് എന്ന ഏജൻസി മുഖേന വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് "കോവളം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി". പദ്ധതി നടപ്പിലാക്കുന്നതിന് 41.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>വർക്കല</u>

വർക്കലയുടെ സമഗ്ര ടൂറിസം വികസനം ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. വർക്കല പാപനാശം ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടോയ്ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. വർക്കല ഗസ്റ്റ് ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. നിലവിലുള്ള പൈതൃക കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വർക്കല പാപനാശം ബീച്ചിന്റെ അത്യാവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കുന്നതിന് 97,78,000/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>കനകക്കുന്ന് പാലസ്</u>

1. <u>നൈറ്റ് ലൈഫ്:</u>സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ്സ്കേപ്പിംഗ് പ്രവർത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്.
2. കനകക്കുന്ന് പാലസ് കോമ്പൗണ്ട്- കനകക്കുന്ന് പാലസ് കോമ്പൗണ്ടിനെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന 2.78 കോടി രൂപയുടെ പദ്ധതിയാണ് "റീ സർഫേസിംഗ് ഓഫ് എക്സ്സിസ്റ്റിംഗ് റോഡ് ആൻഡ് കൺവേർഷൻ ഇന്റു എ ബാരിയർ- ഫ്രീ കാമ്പസ് അറ്റ് കനകക്കുന്ന് പാലസ്". ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തി ലാണ്.

കിരീടം പാലം

സിനിമാ ടൂറിസം എന്ന ആശയത്തിന്റെ ആദ്യ ഘട്ടം എന്ന നിലയ്ക്ക് "കിരീടം" എന്ന പ്രശസ്തമായ മലയാള സിനിമയുടെ പ്രധാന ലൊക്കേഷനായ കിരീടം പാലവും പരിസരവും നവീകരിക്കുന്നതിനും, ഈ സിനിമാ ലൊക്കേഷനിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമായും Rs.1,22,50,000 രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തികൾ പുരോഗമിച്ച വരുകയാണ്.

തിരുവനന്തപുരത്തെ നഗരത്തിലെ പാർക്കുകൾ

തിരുവനന്തപുരത്തെ നഗരത്തിലെ കോർപ്പറേഷന്റെ അധീനതയിലുള്ള പാർക്കുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭാ സമുച്ചയത്തിന്റെ മുന്നിലുള്ള ഇഎംഎസ് പാർക്ക് നവീകരിക്കുന്നതിനായി 99.99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചുങ്ങാംപാറ ഇക്കോട്ടൂറിസം പദ്ധതി

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട, മാറനല്ലൂർ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ചുങ്ങാംപാറയെയും പെരുംകുളത്തെയും ബന്ധപ്പെടുത്തി ചുങ്ങാംപാറ ഇക്കോട്ടൂറിസം പദ്ധതി വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതിയ്ക്ക് 99.99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

അമിനിറ്റീസ് സെന്ററുകൾ

വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് യാത്രികർക്ക് വിശ്രമിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന പാതയോട് ചേർന്ന് വിനോദസഞ്ചാര വകുപ്പ് അമിനിറ്റീസ് സെന്ററുകൾ നിർമ്മിച്ച വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വാമനപുരത്ത് അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. ഇതിനായി 99.90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

കാപ്പിൽ ബീച്ച്

തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ ബിച്ചിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 35 ലക്ഷം

രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെൽട്രോൺ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. നിർമ്മാണ പ്രവർത്തികൾ ആരംഭ ഘട്ടത്തിലാണ്.

<u>ലൈറ്റ് മെട്രോ പദ്ധതി</u>

- കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട്, ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡിഎംആർസി സമർപ്പിച്ചു.
- 2019 ജൂലൈ 24-ന് കൂടിയ കെ.ആർ.ടി.എൽ ഡയറക്ടർ ബോർഡ് യോഗം DPR പരിശോധിച്ച് ഉന്നത സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികളെക്കുറിച്ചു ചർച്ച ചെയ്തു. പദ്ധതി ചെലവുകൾക്കും വായ്പ തിരിച്ചടയ്ക്കുന്നതിനും മറ്റുമായി ആദ്യ വർഷങ്ങളിൽ സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ആവശ്യമായി വരുമെങ്കിലും പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് അനുയോജ്യവും ആവശ്യവുമായ പദ്ധതി എന്ന നിലയ്ക്ക് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകണമെന്ന നിർദ്ദേശമാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
- തിരുവനന്തപുരത്ത് ടെക്നോ പാർക്കിനെ ലൈറ്റ് മെട്രോ അലൈൻമെന്റുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനു ഹൈദരാബാദ് ആസ്ഥാനമായ അർബൻ മാസ്സ് ട്രാൻസിറ്റ് കമ്പനിയെ ചുമതല പ്പെടുത്തി.

<u>സ്മാർട്ട് സിറ്റി മിഷൻ തിരുവനന്തപുരം</u>

- പ്രാദേശിക വികസനത്തിനു സഹായകരമായി, ജനങ്ങളുടെ സാമ്പത്തിക വളർച്ചയും ജീവിത നിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്മാർട്ട് സിറ്റി മിഷൻ. പദ്ധതിയുടെ കീഴിൽ സ്മാർട്ട് സിറ്റി മിഷൻ തിരുവനന്തപുരം ഏറ്റെടുത്തിട്ടുള്ള മൊത്തം പ്രോജക്ടുകളുടെ അടങ്കൽ തുക 1242.48 കോടി രൂപയാണ്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയിൽ വിഭാവനം ചെയ്തിട്ടുള്ള ആകെ 79 പ്രോജക്ടുകളിൽ 62 പ്രോജക്ടുകൾ പൂർത്തീകരിച്ചു. ശേഷിച്ച

പ്രോജക്ടുകളുടെ പ്രവർത്തനം പുരോഗമിക്കുന്നു. സ്മാർട്ട്സിറ്റി പ്രോജക്ടിന്റെ കാലാവധി 2025 മാർച്ച് വരെയാണ്.

- തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) ആരംഭിച്ച വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പ്രോജക്റ്റ് പുരോഗമിക്കുകയാണ്. വട്ടിയൂർക്കാവ് ജംഗ്ഷനെ ഒരു ഗുണനിലവാരമുള്ള നഗരപ്രദേശ മായി വികസിപ്പിക്കുന്നതിന് ഷോപ്പിംഗ് സ്ഥലങ്ങളും തുറസായ ഹരിത ഇടങ്ങളും ഓപ്പൺ എയർ തിയേറ്റർ, പൊതുജനങ്ങൾക്കായുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് ട്രിഡ ലക്ഷ്യമിടുന്നു. വട്ടിയൂർക്കാവ് ജംഗ്ഷന്റെയും വട്ടിയൂർക്കാവിൽ നിന്നും അങ്ങോട്ടും ഇങ്ങോട്ടുമുള്ള മൂന്ന് റോഡിന്റെയും വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരുടെ പുനരധിവാസം സാധ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പ്രോജക്ട്. വട്ടിയൂർക്കാവിൽ ഒരു പുനരധിവാസ ബ്ലോക്കും ഗുണനിലവാരമുള്ള നഗരകേന്ദ്രവും നിർമ്മിക്കുന്നതിന് പ്രോജക്റ്റ് ലക്ഷ്യമിടുന്നു.
- അമൃത് പദ്ധതിയുടെ ഉദ്ദേശം, എല്ലാ വീട്ടിലും ജലവിതരണ കണക്ഷനും sewage കണക്ഷനും ഉണ്ടെന്ന് ഉറപ്പുവരുത്തുക, പച്ചപ്പും നന്നായി പരിപാലിക്കുന്ന തുറസ്സായ സ്ഥലങ്ങളും വികസിപ്പിച്ചു കൊണ്ട് നഗരങ്ങളുടെ amenity value വർദ്ധിപ്പിക്കുക എന്നതാണ്. AMRUT 1.0 പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള 357.50 കോടി അടങ്കൽ തുകയുള്ള 317 പ്രോജക്ടുകളിൽ 270 എണ്ണം പൂർത്തീകരിച്ചു. AMRUT 2.0 പദ്ധതിയുടെ കീഴിൽ 451.74 കോടി രൂപ അടങ്കലുള്ള 107 പ്രൊജക്ടുകളിൽ ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.
- തലസ്ഥാന മേഖലാ വികസന പ്രോജക്റ്റ് (സി.ആർ.ഡി.പി) നിർണായക അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, കുടിവെള്ള വിതരണം, ഖര-മാലിന്യ സംസ്കരണ സംവിധാനം, ഓടകളുടെ നിർമ്മാണം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ തലസ്ഥാന നഗരിയുടെ ഭംഗി വർദ്ധിപ്പിച്ച് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് തലസ്ഥാന മേഖലാ വികസന പദ്ധതി. നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളായ

വാഹന പാർക്കിംങ്ങ്, വിപണികളുടെ നവീകരണം, നഗര റോഡുകൾ, റിംങ്ങ് റോഡുകൾ, ലിങ്ക് റോഡുകൾ എന്നിവ നവീകരിക്കുന്നതിലൂടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ, നഗരത്തിലെ പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണം, പാരിസ്ഥിതിക സംരക്ഷണം എന്നിവയാണ് പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്.

- അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ വഴി ഡാമിന്റെ ജലസംഭരണ ശേഷി വർദ്ധിക്കുകയും അതുമൂലം തിരുവനന്തപുരം നഗരത്തിലെ ജല ആവശ്യങ്ങൾ കൂടുതലായി നിറവേറ്റാൻ സാധിക്കും.
- തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട റോഡാണ് വഴയില -നെടുമങ്ങാട് റോഡ്. ഇതിന്റെ വീതി കൂട്ടാനുള്ള നടപടികൾ മൂന്ന് ഘട്ടമായി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിന്റെ ഭൂമി ഏറ്റെടുക്കാനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. കരകുളത്ത് ഫ്ളൈഓവർ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ ഔട്ടർറിംഗ് റോഡ് നിർമ്മിക്കാൻ സംസ്ഥാന സർക്കാരും ദേശീയപാതാ അതോറിട്ടിയും ഉദ്ദേശിക്കുന്നു. റോഡ് നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ അതിവേഗം പുരോഗമിക്കുന്നു.
- ആക്കുളം മുതൽ നീലേശ്വരം വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം, വർക്കല ഭാഗങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾ അവസാനഘട്ട ത്തിലാണ്. ആക്കുളം മുതൽ കോവളം വരെയുള്ള ദേശീയ ജലപാതാ വികസനത്തിനായുള്ള നടപടിക്രമ ങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.
- നഗരവികസനത്തിലെ പ്രധാന ചുവടുവയ്പാണ് ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണം. ലൈറ്റ് മെട്രോക്കും കൂടി സഹായകരമാകുന്ന രീതിയിൽ കിഫ്ബി ധനസഹായ ത്തോടെ നിർമ്മിക്കുന്ന ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിലെ മറ്റൊരു പ്രധാന വികസന പദ്ധതിയാണ് കോട്ടൂർ ആന പുനരധിവാസ കേന്ദ്രം. ഏകദേശം 100 കോടി

രൂപ ചെലവിൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

- ആറ്റിങ്ങൽ മുനിസിപ്പാലിറ്റി പ്രദേശത്ത് കേരളത്തിലെ ആദ്യത്തെ ബയോ CNG പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.
- സംസ്ഥാനത്തെ ആരോഗ്യമേഖല യിലെ ഏറ്റവും പ്രധാനപ്പെട്ട ചുവടു വയ്പ്പാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി. 88 വൈറസുകളെ കണ്ടുപിടിക്കാൻ നിലവിൽ IAV വഴി സാധിക്കും. ഭാവിയിൽ മരുന്ന് നിർമ്മിക്കാനുള്ള ഗവേഷണവും ഇവിടെ നടന്നുവരുന്നു.
- തിരുവനന്തപുരം നഗര സൗന്ദര്യവൽക്കരണത്തിന് കിഫ്ബി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 14 കോടിയുടെ രണ്ട് പദ്ധതികൾ അംഗീകാരത്തിനായി കിഫ്ബി പരിശോധിച്ചുവരികയാണ്.

  വിവിധ CSR പദ്ധതികൾ വഴി 20 കോടിയോളം രൂപയുടെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും നഗരത്തിൽ നടന്നുവരികയാണ്.
- ജില്ലയിൽ വീട്ടുകളിൽ ഗ്യാസ് എത്തിക്കാനുള്ള സിറ്റി ഗ്യാസ് പദ്ധതിയും അതിവേഗം പുരോഗമി ക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ പല വാർഡുകളിലും പൂർണ്ണമായും സിറ്റി ഗ്യാസ് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ടെക്നോ പാർക്കിന്റെ ഫേസ് 4 വികസിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഐ.ടി കമ്പനികൾക്കായി ഒരു കെട്ടിട സമുച്ചയം പൂർത്തീകരിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഇവിടെയാണ്. QUAD എന്ന പേരിൽ ഒരു ബ്രഹത്പദ്ധതി ഇവിടെ ആരംഭിക്കാനുള്ള നടപടിക്രമ ങ്ങൾ പുരോഗമിക്കുന്നു.
- രാജ്യത്ത് ആദ്യമായി ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചത് തിരുവനന്തപുരത്താണ്.
- RCC യിലെ 8 നിലകളുള്ള പുതിയ ബ്ലോക്ക് നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ "ലെവൽ ക്രോസ് ഇല്ലാത്ത കേരളം" പദ്ധതിയുടെ

| | | | |
|---|---|---|---|
| | | | ഭാഗമായി RBDCK മുഖാന്തിരം 11 റെയിൽവേ മേൽപ്പാലങ്ങൾക്കും ഒരു ഫ്ളൈഓവർ പദ്ധതിക്കുമാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർമ്മാണ പുരോഗതികൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ബി) | തലസ്ഥാന വികസനത്തിന് ഏറെ ഗുണകരമാകുന്ന തിരുവനന്തപുരം മെട്രോ റെയിൽ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കുമോ; | (ബി) | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ചുമതലപ്പെടുത്തിയത് (അനുബന്ധം-1) പ്രകാരം തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ വിശദ പദ്ധതി രേഖ [Detatiled Project Report (DPR)] 2017-ലെ പുതിയ മെട്രോ നയത്തിന് അനുസൃതമായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (DMRC) തയ്യാറാക്കിവരികയാണ്. വിശദ പദ്ധതി രേഖ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ ചെലവ്, മെട്രോയുടെ റൂട്ട് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) | തിരുവനന്തപുരം മെട്രോയുടെ പ്രതീക്ഷിത നിർമ്മാണച്ചെലവ് എത്രയെന്നും പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ചുമതലപ്പെടുത്തിയത് (അനുബന്ധം-1) പ്രകാരം തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ വിശദ പദ്ധതി രേഖ [Detatiled Project Report (DPR)] 2017-ലെ പുതിയ മെട്രോ നയത്തിന് അനുസൃതമായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (DMRC) തയ്യാറാക്കിവരികയാണ്. വിശദ പദ്ധതി രേഖ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ ചെലവ്, മെട്രോയുടെ റൂട്ട് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) | തിരുവനന്തപുരം മെട്രോയുടെ ആരംഭം, അവസാനം, റൂട്ട്, സ്റ്റോപ്പുകൾ എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ചുമതലപ്പെടുത്തിയത് (അനുബന്ധം-1) പ്രകാരം തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ വിശദ പദ്ധതി രേഖ [Detatiled Project Report (DPR)] 2017-ലെ പുതിയ മെട്രോ നയത്തിന് അനുസൃതമായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (DMRC) തയ്യാറാക്കിവരികയാണ്. വിശദ പദ്ധതി രേഖ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ ചെലവ്, മെട്രോയുടെ റൂട്ട് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 2

തിരുവനന്തപുരം ജില്ലയിൽ "ലെവൽ ക്രോസ് ഇല്ലാത്ത കേരളം" പദ്ധതിയുടെ ഭാഗമായി ആർ.ബി.ഡി.സി.കെ മുഖാന്തരം 11 റെയിൽവേ മേൽപ്പാലങ്ങൾക്കും ഒരു ഫ്ളൈഓവർ പദ്ധതിക്കുമാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിർമ്മാണ പുരോഗതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നിയോജകമണ്ഡലം | നിർമ്മാണ പുരോഗതി |
|---|---|---|---|
| 1 | ചിറയിൻകീഴ് റെയിൽവേ മേൽപ്പാലം | ചിറയിൻകീഴ് | ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| 2 | കരമന റെയിൽവേ മേൽപ്പാലം | തിരുവനന്തപുരം | ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. പദ്ധതി റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്ന മുറക്ക് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| 3 | ഇടവ റെയിൽവേ മേൽപ്പാലം | വർക്കല | ബഹു. സുപ്രീംകോടതിയിൽ എസ്.എൽ.പി കേസ് നിലനിൽക്കുന്നതിനാൽ ഭൂമി മുഴുവനും ഏറ്റെടുത്ത് നൽകിയിട്ടില്ല. പരാതിക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തതിന് ശേഷം പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി കൈകൊള്ളുന്നതാണ്. |
| 4 | പുന്നമൂട് റെയിൽവേ മേൽപ്പാലം | വർക്കല | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 5 | വെങ്കുളം റെയിൽവേ മേൽപ്പാലം | വർക്കല | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 6 | വെട്ട് റോഡ് റെയിൽവേ മേൽപ്പാലം | കഴക്കൂട്ടം | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചു. |
| 7 | കണിയാപുരം റെയിൽവേ മേൽപ്പാലം | നെടുമങ്ങാട് | 19.04.2018-ലെ G.O (Rt) No 718/2018 /PWD ഉത്തരവു പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. റെയിൽവേ GAD ക്ക് തത്വത്തിൽ |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭിച്ചിട്ടുണ്ട്. DPR തയ്യാറാക്കി ഉടനെ തന്നെ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |
| 8 | ക്ലേ ഗേറ്റ് റെയിൽവേ മേൽപ്പാലം | കഴക്കൂട്ടം | പദ്ധതിയുടെ അലൈൻമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. GAD ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |
| 9 | ശാർക്കര റെയിൽവേ മേൽപ്പാലം | ചിറയിൻകീഴ് | പദ്ധതിയുടെ അലൈൻമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്, GAD ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |
| 10 | മഞ്ചാടിമൂട് റെയിൽവേ മേൽപ്പാലം | ചിറയിൻകീഴ് | പദ്ധതിയുടെ അലൈൻമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്, GAD ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |
| 11 | ബാലരാമപുരം റെയിൽവേ മേൽപ്പാലം | കോവളം | റെയിൽവേയിൽ നിന്ന് GAD അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |
| ഫ്ലൈഓവർ | | | |
| 12 | പേരൂർക്കട ഫ്ലൈഓവർ | പേരൂർക്കട | ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. ഭൂമി കൈമാറി കിട്ടുന്ന മുറക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

G.O.(Ms) No.43/2022/TRANS

**GOVERNMENT OF KERALA**

**Abstract**

Transport Department- Light Metro/Metrolite Projects in Thiruvananthapuram and Kozhikode Districts- Handing over to Kochi Metro Rail Limited- Sanction accorded- Orders issued.

**TRANSPORT (C) DEPARTMENT**

G.O.(Ms)No.43/2022/TRANS Dated,Thiruvananthapuram, 01-09-2022

Read: 1) G.O.(Ms.)No.74/2015/PWD dated 11.09.2015

2) G.O.(Ms.)No.11/2021/PWD dated 12.02.2021

3) D.O. letter No.PWD-H1/9/2018-PWD dated 18.02.2021 addressed to Government of India

4) Letter No:PWD-H1/9/2018-PWD dated 21.06.2021 addressed to Government of India

5) Government of India Letter No.K-14011/9/2015-MRTS-IV dated 08.04.2021

6) Minutes of the 3rd review meeting of Major Infrastructure Development Projects (MIDP)- Batch I, convened by the Chief Minister of Kerala on 08.09.2021

7) Letter No. KMRL/PRJ/GMP/TRIVANDRUM-LIGHTMETRO/2022/1755 dated 08.03.2022 from the Managing Director, Kochi Metro Rail Limited (KMRL).

8) Letter No.132/KRTL/2015 dated 03.03.2022 received from the Managing Director, Kerala Rapid Transit Corporation Limited (KRTL)

**ORDER**

As per Government Order read as 1st paper above, administrative sanction was accorded, for the implementation of Light Metro Rail System by the Kerala Rapid Transit Corporation Ltd., in Thiruvananthapuram and Kozhikode districts, at a total estimated cost of Rs.5,510 Crore and Project Completion Cost of Rs.6,728 Crore. Later, as per the Government Order read as 2nd paper above, revised administrative sanction was accorded for the project for an amount of Rs.7,446 Crore.

2) As per D.O. Letter read as 3rd paper above, the Detailed Project Report (DPR)

was submitted before the Ministry of Housing and Urban Affairs (MoHUA), GoI, seeking approval for the project. The MoHUA sought certain clarifications on the same, which were answered by Government, as per letter read as 4th paper above.

3) As per letter read as 5th paper above, the Ministry of Housing and Urban Affairs, Government of India, recommended, as follows:

"vi. For better co-ordination and ease of implementation, one Special Purpose Vehicle is recommended for a State."

4) Subsequently, as per the reference read as 6th paper above, a decision was taken in the 3rd Review Meeting of the Priority Projects (Batch- I), to hand over the Light Metro Project and the work of the three fly overs being executed by the Kerala Rapid Transit Corporation Limited (KRTL) to Kochi Metro Rail Limited (KMRL).

5) As per letters read as 7th and 8th paper above, the Managing Director, KMRL, and the Managing Director, KRTL, furnished comparative studies on Light Metro and Metrolite Projects, respectively.

6) Government have examined the matter in detail and are pleased to accord sanction, as follows:

i. In view of the suggestion made by the GoI, vide the reference read as 5th paper above, and in accordance with the decision taken in the Review Meeting, read as 5th paper above, the Light Metro/Metrolite Projects and the work of the three fly overs being executed by the Kerala Rapid Transit Corporation Limited (KRTL) in Thiruvananthapuram and Kozhikode Districts are handed over to the Kochi Metro Rail Limited;

ii. As and when the project is taken over by Kochi Metro Rail Limited (KMRL), the services of the present employees of Kerala Rapid Transit Corporation Ltd. (KRTL), who were appointed on contract basis and having experience in the project, is to be placed at the disposal of KMRL, if found necessary, and, subsequently, steps for winding up of the KRTL are to be taken;

iii. Based on new Comprehensive Mobility Plan (CMP) and Alternative Analysis Report (AAR), to be prepared by NATPAC/ any other accredited agency, Kochi Metro Rail Limited (KMRL) is authorised to prepare and submit revised Detailed Project Report (DPR), in accordance with the guidelines issued by the Central Government.

(By order of the Governor)
BIJU PRABHAKAR
SECRETARY

To:

The Managing Director, Kochi Metro Rail Limited
The Managing Director, Kerala Rapid Transit Corporation Ltd.
The Principal Accountant General (A&E/Audit), Kerala, Thiruvananthapuram.
The District Collector, Thiruvananthapuram/Kozhikode
General Administration (SC) Department (vide item No.1012 dated 24.08.2022)
Finance (I&PW-A) Department .
Planning and Economic Affairs (A) Department
The Information Officer, Web & New Media, I&PR Department
Stock File (Trans-C2/15/2021-Trans)
Office Copy

Forwarded /By order
**Signed by Anju P K**
**Date: 02-09-2022 11:08:18**
Section Officer